**No. CEE/5454/2018/KEAM-2019/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം
# KEAM-2019

## എം.ബി.ബി.എസ്. കോഴ്സിൽ ഒഴിവ് വന്ന സീറ്റുകളിലേയ്ക്കുള്ള സെൻട്രലൈസ്ഡ് സ്പോട്ട് അഡ്മിഷൻ

അഖിലേന്ത്യാ കൗൺസലിംഗിലൂടെ ഇ.എസ്.ഐ./ അഖിലേന്ത്യാ സീറ്റുകളിലേക്ക് അലോട്ട്മെന്റ് ലഭിച്ചതിലൂടെ സ്വാശ്രയ കോളേജുകളിൽ ഒഴിവ് വന്ന **MBBS** സീറ്റുകളിലേയ്ക്ക് **30.08.2019** വെള്ളിയാഴ്ച രാവിലെ പ്രവേശന പരീക്ഷാ കമ്മീഷണർ സെൻട്രലൈസ്ഡ് സ്പോട്ട് അഡ്മിഷൻ നടത്തുന്നതായിരിക്കും. കാര്യവട്ടത്തെ സ്പോർട്സ് ഹബ്ബിലുള്ള ട്രാവൻകൂർ ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ (**ഗ്രീൻഫീൽഡ് സ്റ്റേഡിയം**) വച്ചാണ് സ്പോട്ട് അഡ്മിഷൻ.

പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് മാത്രമാണ് പങ്കെടുക്കാൻ അർഹതയുള്ളത്. നിലവിൽ അഖിലേന്ത്യാ കൗൺസിലിംഗിലൂടെ പ്രവേശനം നേടിയവർക്കും പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റിലൂടെ **MBBS** കോഴ്സിൽ പ്രവേശനം നേടിയിരിക്കുന്നവർക്കും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. അർഹതയുള്ള വിദ്യാർത്ഥികൾക്ക് **'www.cee.kerala.gov.in'** എന്ന വെബ്സൈറ്റിലെ അവരുടെ ഹോംപേജിൽ പ്രവേശിച്ച് **'Registration slip'**എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് **28.08.2019** വൈകുന്നേരം **6** മണി മുതൽ സ്ലിപ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. സ്ലിപ്പുമായി വരുന്നവരെ മാത്രമേ അലോട്ട്മെന്റിനായി പരിഗണിക്കുകയുള്ളൂ.

**ഫീസ് സംബന്ധിച്ച വിവരങ്ങളും ഒടുക്കേണ്ട വിധവും–**

അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **3,00,000/–** രൂപയുടെ (മൂന്ന് ലക്ഷം രൂപ മാത്രം) ഡി.ഡി, പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ (തിരുവനന്തപുരത്ത് മാറാവുന്നത്) ഏതെങ്കിലും ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും എടുത്ത് ഹാജരാക്കേണ്ടതാണ്. ബാക്കി തുക പ്രവേശനം ലഭിക്കുന്ന കോളേജിൽ അടയ്ക്കേണ്ടതാണ്. ഫീസ് സംബന്ധിച്ച വിവരങ്ങൾ ആദ്യത്തെ ഓപ്ഷൻ രജിസ്ട്രേഷൻ സമയത്ത് പ്രസിദ്ധീകരിച്ചിട്ടുള്ളത് കാണുക. **SC/ST/OEC** വിഭാഗങ്ങളിൽ ഉൾപ്പെട്ടവരുൾപ്പെടെ ഫീസ് ആനുകൂല്യമുള്ളവർ ഫീസ് അടയ്ക്കേണ്ടതില്ല.

**<u>കേന്ദ്രീകൃത സ്പോട്ട് അഡ്മിഷന് ഹാജരാക്കേണ്ട രേഖകൾ</u>**

1. രജിസ്ട്രേഷൻ സ്ലിപ്പ്
2. നിശ്ചിത തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് (ബാധകമെങ്കിൽ)
3. മറ്റ് കോഴ്സുകളിൽ അഡ്മിഷൻ എടുത്തവരുൾപ്പെടെ ടി.സി, സർട്ടിഫിക്കറ്റുകൾ എന്നിവയുടെ അസ്സൽ രേഖകൾ.
4. കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നുള്ള എലിജിബിലിറ്റി സർട്ടിഫിക്കറ്റ് (കേരളാ ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർസെക്കണ്ടറി/ സി.ബി.എസ്.ഇ/ സി.ഐ.എ സ്.സി.ഇ. ബോർഡുകളിൽ നിന്നും യോഗ്യത നേടിയവർ ഒഴികെ)
5. മൈഗ്രേഷൻ സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ)
6. ജനന തീയതി തെളിയിക്കുന്നതിനുള്ള രേഖ
7. **KEAM 2019** ഡാറ്റാഷീറ്റ്
8. **KEAM 2019** പ്രോസ്പെക്ടസ് അനുബന്ധം XVII (b) പ്രകാരമുള്ള ശാരീരിക ക്ഷമതാ സർട്ടിഫിക്കറ്റ്

**ഹെൽപ്പ്ലൈൻ നമ്പരുകൾ– 0471–2339101, 2339102, 2339103, 2339104& 2332123 (10 am –5 pm).**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
26.8.2019